സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 11 ചൊവ്വ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ




# കുപ്പിയിൽ ഇനിമുതൽ പെട്രോൾ കിട്ടില്ല

## സ്വകാര്യവാഹനങ്ങളിൽ പാചകവാതകം കൊണ്ടുപോകുന്നതിനും വിലക്ക്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇനി മുതൽ കുപ്പിയിൽ പെട്രോൾ വാങ്ങുന്നതിനും സ്വകാര്യ വാഹനങ്ങളിൽ പാചകവാതകം കൊണ്ടുപോകുന്നതിനും വിലക്ക്. എലത്തൂർ ട്രെയിൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വിലക്ക്. ഇത് സംബന്ധിച്ച 2002 ലെ പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ (പെസോ) നിയമം കർശനമാക്കി. ട്രെയിനുകളിൽ പാഴ്സലായി വാഹനം കൊണ്ടുപോകുമ്പോൾ അതിൽ ഇന്ധനം ഉണ്ടാവരുതെന്ന റെയിൽവേ നിയമം നിലവിലുണ്ട്. പെട്രോൾ, ഡീസൽ, എൽ.പി.ജി ഉൾപ്പെടെയുള്ളവ ഏജൻസികളുടെ സുരക്ഷിത വാഹനങ്ങളും വിദഗ്ധ തൊഴിലാളികളുമില്ലാതെ കൊണ്ടുപോകാൻ അനുവദിക്കില്ല. നിയമം ലംഘിച്ചാൽ ലൈസൻസ് സസ്പെൻഡ് ചെയ്യുമെന്ന് പെസോ അറിയിച്ചു. ഐ.ഒ.സി, ബി.പി.എൽ ഉൾപ്പെടെയുള്ള പെട്രോളിയം സ്ഥാപനങ്ങൾക്കും പെസോ നിർദേശം നൽകിയിട്ടുണ്ട്.

നിയമം കർശനമാക്കിയതോടെ വാഹനത്തിലെ ഇന്ധനം തീർന്നാൽ പോലും കുപ്പിയുമായി പമ്പുകളിൽ ചെന്നാൽ ഇനി മുതൽ ഇന്ധനം ലഭിക്കില്ല. വീടുകളിലേക്ക് എൽ.പി.ജി സിലിണ്ടറുകൾ ഓട്ടോയിലോ മറ്റ് ടാക്സി വാഹനങ്ങളിലോ കൊണ്ടുപോയാലും നടപടിയുണ്ടാകും. യാത്രക്കാരുമായി പോകുന്ന ബസുകൾ പമ്പിൽ നിന്ന് ഇന്ധനം നിറയ്ക്കുന്ന രീതിയും അവസാനിക്കും. യാത്രാ ബസുകൾ യാത്രക്കാരെ പമ്പിന്റെ സുരക്ഷിത അകലത്തിൽ നിർത്തി മാത്രമേ ഇന്ധനം നിറയ്ക്കാൻ അനുവദിക്കൂ.

## തൃശ്ശൂരിൽ നഴ്സുമാരുടെ 72 മണിക്കൂർ പണിമുടക്ക് തുടങ്ങി

# 22 ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെടും

തൃശ്ശൂർ: പ്രതിദിന വേതനം 1500 ആക്കുക, 50 ശതമാനം ഇടക്കാല ആശ്വാസം നൽകുക തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ച് തൃശ്ശൂരിലെ സ്വകാര്യ ആശുപത്രി നഴ്സുമാരുടെ 72 മണിക്കൂർ പണിമുടക്ക് തുടങ്ങി. സമരം പ്രഖ്യാപിച്ചതിന് പിന്നാലെ തൃശൂരിലെ 28 സ്വകാര്യ ആശുപത്രികളിൽ അഞ്ച് ഇടത്ത് വേതന വർധന 50% നടപ്പാക്കി. അമല, ജൂബിലി , വെസ്റ്റ് ഫോർട്ട് , സൺ, മലങ്കര മിഷൻ ആശുപത്രികളാണ് വേതനം കൂട്ടിയത്. ഇതോടെ ഈ ആശുപത്രികളെ സമരത്തിൽ നിന്ന് നഴ്സുമാർ ഒഴിവാക്കി.




ജില്ലയിലെ 24 ആശുപത്രികളിലാണ് ഇന്ന് പണിമുടക്ക് നടക്കുന്നത്. നഴ്സുമാരുടെ സമരം തടയാനാകില്ലെന്ന് ഇന്നലെ കേരള ഹൈക്കോടതി നിലപാടെടുത്തിരുന്നു. 72 മണിക്കൂർ സമ്പൂർണ സമരമാണ് നഴ്സുമാരുടെ സംഘടനയായ യു.എൻ.എ ആഹ്വാനം ചെയ്തത്. ഇതിനെതിരേ സ്വകാര്യ ആശുപത്രി മാനേജ്മെന്റ് അസോസിയേഷനാണ് കോടതിയെ സമീപിച്ചത്. നിർബന്ധിത സേവനം ഉറപ്പാക്കുന്ന എസ്മ ചട്ടത്തിന് കീഴിൽ നഴ്സുമാരെ കൊണ്ടുവരണമെന്ന് ആശുപത്രി മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു. ഇതിൽ ഉപഹർജിയായാണ് തൃശ്ശൂരിലെ സമരത്തിനെതിരായി ഹർജി സമർപ്പിച്ചത്. വെക്കേഷന് ശേഷം കേസ് പരിഗണിക്കാമെന്ന് ജസ്റ്റിസ് സിയാദ് റഹ്മാൻ വ്യക്തമാക്കി. ഹർജി സ്ഥിരമായി പരിഗണിക്കുന്ന ബെഞ്ച് അവധി ആയതിനാലാണ് ഈ ബെഞ്ചിൽ കേസ് എത്തിയത്. ലേബർ ഓഫിസർ വിളിച്ച ചർച്ചയിൽ രണ്ട് മാനേജ്മെന്റുകൾ ഒഴികെ മറ്റാരും ശമ്പള വർധനവിനെ അനുകൂലിച്ചില്ല. ഇതോടെയാണ് യു.എൻ.എ 72 മണിക്കൂർ സമരവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത്. ഐ.സി.യു അടക്കം എല്ലാ ഡിപ്പാർട്ട്മെന്റുകളിലേയും നഴ്സുമാർ പണിമുടക്കുന്നുണ്ട്. ഇതോടെ ആശുപത്രികൾ ഗുരുതര പ്രതിസന്ധിയിലാവും.

# രാജ്യത്ത് സന്തോഷത്തിന്റേയും ആഘോഷത്തിന്റേയും ചിത്രം മാഞ്ഞുകൊണ്ടിരിക്കുന്നു: സോണിയ ഗാന്ധി

ന്യൂഡൽഹി: ജനങ്ങളുടെ ശബ്ദം സംരക്ഷിക്കുന്നതിനാണ് കോൺഗ്രസിന്റെ പോരാട്ടമെന്ന് കോൺഗ്രസ് നേതാവ് സോണിയാ ഗാന്ധി. രാജ്യത്ത് ജാതിയുടേയും മതം, ഭക്ഷണം, ലിംഗം, ഭാഷയുടേയും പേരിൽ ഭീഷണിയും വിവേചനവും ഉയരുന്നു. മതപരമായ ആഘോഷങ്ങൾ മറ്റുള്ളവരെ ഭീഷണിപ്പെടുത്താനുള്ള അവസരമായി മാറിയിരിക്കുകയാണ്. സന്തോഷത്തിന്റേയും ആഘോഷത്തിന്റേയും ചിത്രം മാഞ്ഞുകൊണ്ടിരിക്കുകയാണെന്നും സോണിയ ഗാന്ധി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും അവരുടെ സർക്കാരും ജുഡീഷ്യറിയേയും, എക്സിക്യൂട്ടീവിനേയും, ലെജിസ്ലേച്ചറിനേയും വ്യവസ്ഥാപിതമായി തകർക്കുകയാണ്. അവരുടെ പ്രവർത്തനങ്ങളിൽ ജനാധിപത്യത്തോടുള്ള ശക്തമായ അവഗണന കാണുന്നുവെന്നും സോണിയ ഗാന്ധി വിമർശിച്ചു. ഇന്ത്യൻ ഭരണഘടനയേയും അതിന്റെ ആദർശങ്ങളേയും സംരക്ഷിക്കാൻ സമാന ചിന്താഗതിക്കാരായ എല്ലാ പാർട്ടികളുമായും കൈകോർക്കും. പ്രധാന പ്രതിപക്ഷ പാർട്ടിയെന്ന



നിലയിൽ അതിന്റെ ഗൗരവമേറിയ കടമ കോൺഗ്രസ് മനസ്സിലാക്കുന്നുണ്ടെന്നും സോണിയ ഗാന്ധി പറഞ്ഞു. മോദി സർക്കാർ എല്ലാ അധികാരത്തേയും ചൂഷണം ചെയ്യുകയാണ്. ബി.ജെ.പി, ആർ.എസ്.എസ് നേതാക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വിദ്വേഷ പ്രസംഗങ്ങൾ പ്രധാനമന്ത്രി അവഗണിക്കുകയാണ്. ഒരിക്കൽ പോലും മോദി സമാധാനത്തിനും ഐക്യത്തിനും വേണ്ടി ആഹ്വാനം ചെയ്തിട്ടില്ല. കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ലെന്നും സോണിയ ഗാന്ധി കുറ്റപ്പെടുത്തി. ദി ഹിന്ദുവിലെഴുതിയ ലേഖനത്തിലാണ് സോണിയയുടെ പ്രതികരണം. പ്രധാനമന്ത്രിയെ വിമർശിക്കുന്നവരെ ഉപദ്രവിക്കാൻ വേണ്ടി കാത്തിരിക്കുകയാണ് സംഘപരിവാർ. നിശബ്ദത പാലിക്കുന്നതിലൂടെ ഇന്ത്യയുടെ പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല. ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ ബാധിക്കുന്ന നിയമാനുസൃതമായ ചോദ്യങ്ങളിൽ പ്രധാനമന്ത്രി നിശബ്ദനാണെന്നും സോണിയ ഗാന്ധി ആരോപിച്ചു. ഭാരത് ജോഡോ യാത്രയിൽ ചെയ്തതുപോലെ കോൺഗ്രസ് പാർട്ടി അതിന്റെ സന്ദേശം ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുമെന്നും അവർ പറഞ്ഞു.

## ജഡ്ജിമാരെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ സംസാരിക്കുന്നു, ഞങ്ങളെ വിശ്വാസമില്ല; പിന്നെ എന്തിന് കേസ് പരിഗണിക്കണം: ലോകായുക്ത

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പണം വകമാറ്റിയ സംഭവത്തിൽ റിവ്യു ഹർജി പരിഗണിക്കുന്നതിനിടെ പരാതിക്കാരനെതിരേ രൂക്ഷവിമർശനവുമായി ലോകായുക്ത. പരാതിക്കാരനായ ശശികുമാറിന് ഞങ്ങളെ വിശ്വാസമില്ലെന്നാണ് പറയുന്നത്. കേസിൽ ആരോ സ്വാധീനം ചെലുത്തുന്നുണ്ടെന്നും ജഡ്ജിമാരെ അപകീർത്തിപ്പെടുത്തുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ വാക്കുകളെന്നും ജസ്റ്റിസ് ഹാറൂൺ അൽ റഷീദ് കുറ്റപ്പെടുത്തി. വിശ്വാസമില്ലെങ്കിൽ എന്തിനാണ് കേസ് ലോകാ




യുക്ത പരിഗണിക്കുന്നതെന്ന് ലോകായുക്ത ചോദിച്ചു. ഒരു കേസ് പരിഗണനയിലിരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ പറയുന്നത് ശരിയല്ല. ആൾക്കൂട്ട അധിക്ഷേപം നടത്തുകയാണ്. കോടതിയിൽ പറയേണ്ട കാര്യമേ പറയാവൂവെന്നും ലോകായുക്ത പറഞ്ഞു. ഹർജി വീണ്ടും ഡിവിഷൻ ബഞ്ച് പരിഗണിക്കണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു. റിവ്യൂ ഹർജി നാളെ 12 മണിക്ക് പരിഗണിക്കാമെന്ന് കോടതി വ്യക്തമാക്കി. നാളെ ഉച്ചയ്ക്ക് 12 മണിക്കാണ് കേസ് പരിഗണിക്കുക. നാളെ ഉച്ചയ്ക്ക് രണ്ട് മണിക്ക് വിശാല ബെഞ്ചും കേസ് പരിഗണിക്കുന്നുണ്ട്. ഡിവിഷൻ ബെഞ്ച് പരിഗണിച്ച ശേഷമേ ഫുൾ ബെഞ്ച് കേസ് പരിഗണിക്കാവൂവെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു. റിവ്യൂ ഡിവിഷൻ ബഞ്ച് കേൾക്കുമെന്ന് കോടതി പറഞ്ഞു. കക്ഷിയോട് മിതത്വം പാലിക്കാൻ പറയണമെന്ന് പരാതിക്കാരന്റെ അഭിഭാഷകനോട് ലോകായുക്ത ആവശ്യപ്പെട്ടു.



# തമിഴ്നാട് സർക്കാരിന് തിരിച്ചടി: ആർ.എസ്.എസ് റൂട്ട് മാർച്ചിന് അനുമതി

ന്യൂഡൽഹി: ആർ.എസ്.എസ് റൂട്ട് മാർച്ചിന് അനുവാദം നൽകിയതിനെതിരേ തമിഴ്നാട് സർക്കാർ നൽകിയ ഹർജി സുപ്രീംകോടതി തള്ളി. ആർ.എസ്.എസ് റൂട്ട് മാർച്ചിന് അനുമതി നൽകി കൊണ്ട് മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ച വിധിക്കെതിരേ തമിഴ്നാട് സർക്കാർ നൽകിയ ഹർജിയാണ് സുപ്രീം കോടതി തള്ളിയത്. തമിഴ്നാട് സർക്കാരിന്റെ എല്ലാ പ്രത്യേകാനുമതി ഹർജികളും തള്ളിയതായി കോടതി വ്യക്തമാക്കി.

ജസ്റ്റിസ് വി.രാമസുബ്രഹ്മണ്യം, ജസ്റ്റിസ് പങ്കജ് മിതാൽ തുടങ്ങിയവരടങ്ങിയ ബെഞ്ചാണ് ഹർജി തള്ളിയത്. ആർ.എസ്.എസ് റൂട്ട് മാർച്ച് പൂർണമായും വിലക്കാനല്ല, ചില മേഖലകളിൽ നിയന്ത്രണം ഏർപ്പെടുത്താനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് തമിഴ്നാട് സർക്കാർ കോടതിയെ അറിയിച്ചിരുന്നു. ബോംബ് സ്ഫോടനങ്ങൾ നടന്ന മേഖലകളിലും പോപുലർ ഫ്രണ്ടിന്റെ സ്വാധീനമേഖലകളിലും നിയന്ത്രണങ്ങളോടെ മാർച്ച് നടത്താമെന്നും സർക്കാർ ബോധിപ്പിച്ചു. എന്നാൽ ഹർജി തള്ളിയതോടെ തമിഴ്നാട്ടിൽ നിശ്ചയിച്ച സ്ഥലങ്ങളിൽ ആർ.എസ്.എസിന് റൂട്ട് മാർച്ച് നടത്താനാകും.

റൂട്ട് മാർച്ചിന് അനുമതി നൽകാൻ നേരത്തെ പോലിസിന് മദ്രാസ് ഹൈക്കോടതി നിർദേശം നൽകിയിരുന്നു. റൂട്ട് മാർച്ചിന് മൂന്ന് തീയതികൾ നിർദേശിക്കാനും പോലിസിന്റെ അനുമതിക്ക് അപേക്ഷിക്കാനുമായിരുന്നു ഹൈക്കോടതിയുടെ നിർദേശം.

അപേക്ഷ നിയമാനുസൃതം പരിഗണിക്കണമെന്ന് പോലിസിനോട് നിർദേശിച്ചതോടൊപ്പം ആരെയും പ്രകോപിപ്പിക്കാതെ മാർച്ച് സംഘടിപ്പിക്കാൻ ആർ.എസ്.എസിനോടും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ വർഷം ഒക്ടോബർ രണ്ടിന് സംസ്ഥാന വ്യാപകമായി റൂട്ട് മാർച്ച് നടത്താനുള്ള ആർ.എസ്.എസിന്റെ തീരുമാനം ക്രമസമാധാന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലിസ് തടഞ്ഞിരുന്നു.

# പശുവിന്റെ മൂത്രം ബാക്ടീരിയ മുക്തമാണെന്ന ധാരണ അടിസ്ഥാനരഹിതം: കണ്ടെത്തലുമായി യു.പിയിലെ വെറ്ററിനറി സ്ഥാപനം

ബറേലി: മനുഷ്യ ഉപഭോഗത്തിന് ഗോമൂത്രം ശുപാർശ ചെയ്യാൻ കഴിയില്ലെന്ന് ഉത്തർപ്രദേശിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പഠന റിപ്പോർട്ട്. ഗോമൂത്രത്തിൽ മാരക ബാക്ടീരിയകൾ അടങ്ങിയിട്ടുണ്ടെന്നും കുടിക്കുന്നതിലൂടെ ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാകുമെന്നും റിപ്പോർട്ടിൽ പറയുന്നു. ഇ-കോളി സാന്നിധ്യമുള്ള 14 തരം ബാക്ടീരിയകളാണ് പശുവിന്റെ മൂത്രത്തിൽ അടങ്ങിയിട്ടുള്ളത്. ഗോമൂത്രം മനുഷ്യൻ നേരിട്ട് കുടിച്ചാൽ ഉദരസംബന്ധമായ ഗുരുതര അസുഖങ്ങൾക്ക് കാരണമാകുമെന്നും റിപ്പോർട്ടിൽ പറയുന്നു. ഉത്തർപ്രദേശിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഭോജ് രാജ് സിംഗിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലാണ് കണ്ടെത്തൽ. പശുവിന്റെ മൂത്രം ബാക്ടീരിയ മുക്തമാ



ണെന്ന ധാരണ അടിസ്ഥാനരഹിതമാണ്. ശുദ്ധീകരിച്ച ഗോമൂത്രത്തിൽ ബാക്ടീരിയ ഇല്ലെന്ന വാദത്തിൽ കൂടുതൽ പഠനം നടത്തുമെന്നും ഭോജ്‌രാജ് പറഞ്ഞു. ബാക്ടീരിയക്കെതിരേയുള്ള പ്രവർത്തനത്തിൽ പോത്തിന്റെ മൂത്രം ഫലപ്രദമാണെന്നും സംഘം പഠനറിപ്പോർട്ടിൽ വ്യക്തമാക്കി. 2022 ജൂൺ മുതൽ നവംബർ വരെ പ്രാദേശിക ഡയറി ഫാമുകളിലെ മൂന്ന് ഇനം പശുകളിൽ നിന്ന് ശേഖരിച്ച മൂത്രത്തിന്റെ സാമ്പിളുകളാണ് പഠനത്തിന് വിധേയമാക്കിയത്. സഹിവാൾ, തർപാർക്കർ, വിന്ദവാനി ഇനങ്ങളുടെ മൂത്രമാണ് പരിശോധിച്ചത്. അതേസമയം, പഠനത്തെ തള്ളി വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ മുൻ മേധാവി ആർ.എസ് ചൗഹാൻ രംഗത്തെത്തി. ശുദ്ധീകരിച്ച ഗോമൂത്രമാണ് മനുഷ്യന് കുടിക്കാൻ യോഗ്യമെന്ന് ചൗഹാൻ പറഞ്ഞു. കഴിഞ്ഞ 25 വർഷമായി ഗോമൂത്രം സംബന്ധിച്ച് പഠനം നടത്തുന്നുണ്ട്. ശുദ്ധീകരിച്ച ഗോമൂത്രം ക്യാൻസറിനെയും കൊവിഡിനെയും പ്രതിരോധിക്കുമെന്നാണ് കണ്ടെത്തിയത്. ഇപ്പോൾ പുറത്തുവന്ന പഠനത്തിന് വിധേയമാക്കിയത് ശുദ്ധീകരിച്ച ഗോമൂത്രമല്ലെന്നും ചൗഹാൻ കൂട്ടിച്ചേർത്തു.

# ദേശീയപാർട്ടി പദവി പിൻവലിച്ചത് സാങ്കേതികം മാത്രം, അംഗീകാരമില്ലാത്ത കാലത്തും പ്രവർത്തിച്ച പാർട്ടിയാണ് സി.പി.ഐ: കാനം രാജേന്ദ്രൻ

തിരുവനന്തപുരം: ദേശീയ പാർട്ടി പദവി പിൻവലിച്ചത് സാങ്കേതികകാര്യം മാത്രമാണ്. എന്നാൽ, പാർട്ടിയുടെ രാഷ്ട്രീയ പ്രവർത്തനത്തിനോ സംഘടനാ പ്രവർത്തനത്തിനോ യാതൊരു തടസവുമില്ലെന്ന് കാനം രാജേന്ദ്രൻ പറഞ്ഞു. പരിഷ്കരിച്ച മാനദണ്ഡ പ്രകാരമാണ് ദേശീയ പദവി നഷ്ടപ്പെട്ടത്. ഏതെങ്കിലും ഒരു മാനദണ്ഡ പ്രകാരം പദവി നിർണയിക്കുന്നത് ശരിയല്ല. സാങ്കേതിക കാര്യം മാത്രമാണ്. രാഷ്ട്രീയ പ്രവർത്തനത്തിനോ സംഘടനാ പ്രവർത്തനത്തിനോ ഒരു തടസവും ഇല്ല. അംഗീകാരം ഇല്ലാത്ത കാലത്തും പ്രവർത്തിച്ച പാർട്ടിയാണ് സി.പി.ഐയെന്ന് കാനം പറഞ്ഞു. എൻ.സി.പി, തൃണമൂൽ കോൺഗ്രസ് എന്നീ പാർട്ടികൾക്കും സി.പി.ഐയെ കൂടാതെ ദേശീയ പദവി



നഷ്ടമായിട്ടുണ്ട്. 2014, 2019 വർഷങ്ങളിലെ സീറ്റ് നില, വോട്ട് ശതമാനം എന്നിവ കണക്കിലെടുത്താണ് തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനം. ബംഗാളിലും സംസ്ഥാനപാർട്ടി സ്ഥാനം നഷ്ടമായതോടെയാണ് സി.പി.ഐ ദേശീയ പാർട്ടി അല്ലാതായത്. മണിപ്പൂർ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ മാത്രമാണ് നിലവിൽ സി.പി.ഐക്ക് സംസ്ഥാനപാർട്ടി പദവിയുള്ളത്. തെരഞ്ഞെടുപ്പ് കമ്മീഷൻ ചട്ടം അനുസരിച്ച് നാല് സംസ്ഥാനങ്ങളിൽ സംസ്ഥാനപാർട്ടി എന്ന പദവിയുണ്ടെങ്കിൽ ദേശീയപാർട്ടി സ്ഥാനം ലഭിച്ചിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിലോ നിയമസഭാ തെരഞ്ഞെടുപ്പിലോ ഒരു പാർട്ടിക്ക് നാല് ലോക്സഭാ സീറ്റുകൾക്ക് പുറമേ 4 സംസ്ഥാനങ്ങളിൽ 6% വോട്ടുകൾ ലഭിച്ചാലും ദേശീയ പാർട്ടിയായി കണക്കാക്കപ്പെടും.



കിബിത്തൂവിലെ വൈബ്രന്റ് വില്ലേജസ് പ്രോഗ്രാമിൽ പങ്കെടുക്കാനെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ

## 'ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ അഖണ്ഡത ആർക്കും ചോദ്യം ചെയ്യാനാവില്ല'; ചൈനയ്ക്ക് മറുപടിയുമായി അമിത്ഷാ

ന്യൂഡൽഹി: അരുണാചൽ പ്രദേശിൽ ചൈനയുടെ കടന്നുകയറ്റത്തിനെതിരേ മറുപടിയുമായി കേന്ദ്ര മന്ത്രി അമിത്ഷാ. അരുണാചൽപ്രദേശിലെ കിബിത്തൂവിന്റെ പേര് ചൈന മുമ്പ് മാറ്റിയിരുന്നു. എന്നാൽ ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ അഖണ്ഡത ആർക്കും ചോദ്യം ചെയ്യാനാകില്ലെന്നും ഇന്ത്യയിൽ നിന്നും ഒരു സൂചി മുനയുടെ വിലയുള്ളത് പോലും ഒരാൾക്കും സ്വന്തമാക്കാൻ കഴിയില്ലന്നും അമിത്ഷാ പറഞ്ഞു.

അരുണാചൽ പ്രദേശിലെ കിബിത്തൂവിൽ വെച്ച് നടന്ന വൈബ്രന്റ് വില്ലേജസ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത് ആദ്യമായല്ല ചൈന ഇത്തരത്തിലുള്ള ശ്രമങ്ങൾ നടത്തുന്നതെന്ന് ആഭ്യന്തര മന്ത്രാലയത്തിന്റെ ഔദ്യോഗിക വക്താവ് അരിന്ദം ഭഗ്ച്ചി നേരത്തെ പറഞ്ഞിരുന്നു. 'ഇത് ആദ്യമായല്ല ചൈന ഇത്തരത്തിലുള്ള ശ്രമങ്ങൾ നടത്തുന്നത്. ഞങ്ങൾ ഈ ശ്രമങ്ങളെയൊക്കെ വിലയിരുത്തുന്നുണ്ട്. അരുണാചൽ പ്രദേശ് ആരുടെയും അധീനതയിൽ പെടുത്താൻ സാധിക്കാത്ത ഇന്ത്യയുടെ പ്രദേശമാണ്. ചൈന അവർക്ക് ഇഷ്ടമുള്ള പേര് നൽകിയാലും യഥാർത്ഥത്തിൽ ഈ ഭൂമിയെ മാറ്റിയെടുക്കാൻ അവർക്ക് സാധിക്കില്ല. വീണ്ടും വീണ്ടും അത് ഉറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു', അരിന്ദം ഭഗ്ച്ചി കൂട്ടിച്ചേർത്തു. അമിത്ഷായുടെ അരുണാചൽ പ്രദേശ് സന്ദർശനത്തെ ചൈന എതിർത്തിരുന്നു. അരുണാചൽ പ്രദേശിൽ ആഭ്യന്തരമന്ത്രി അമിത്ഷാ നടത്തുന്ന സന്ദർശനം ബെയ്ജിങ്ങിന്റെ പരമാധികാരത്തെ വെല്ലുവിളിക്കുന്നതാണെന്നായിരുന്നു ചൈനയുടെ നിലപാട്.

### ഇന്ത്യ ലോകത്ത് ഏറ്റവും കൂടുതൽ മുസ്ലീം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യം

# ജീവിക്കാൻ പ്രയാസമെങ്കിൽ ജനസംഖ്യ കൂടുന്നതെങ്ങനെ?: നിർമലാ സീതാരാമൻ

വാഷിങ്ടൺ: ഇന്ത്യയിൽ സാധാരണ ജീവിതം നയിക്കാൻ മുസ്ലീംങ്ങൾക്ക് സാധിക്കുന്നുണ്ടെന്ന് കേന്ദ്ര ധനകാര്യമന്ത്രി നിർമലാ സീതാരാമൻ. മുസ്ലീം ജനസംഖ്യ കൂടുതലുള്ള ലോകത്തിലെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. മുസ്ലീംങ്ങൾക്ക് ജീവിക്കാൻ പ്രായസമുള്ള രാജ്യമാണ് ഇന്ത്യയെങ്കിൽ പിന്നെ എങ്ങനെയാണ് രാജ്യത്ത് മുസ്ലിം ജനസംഖ്യ കൂടുന്നതെന്ന് കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ ചോദിച്ചു. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇന്ത്യയിൽ മുസ്ലിംങ്ങളുടെ ജനസംഖ്യ കൂടുകയാണ് ചെയ്തിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. അമേരിക്കയിലെ പീറ്റേഴ്സൺ ഇന്റർനാഷ്ണൽ ഇക്കണോമിക്സ് ഇൻസറ്റിറ്റ്യൂട്ടിൽ 'ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ പ്രതിരോധശേഷിയും വളർച്ചയും' എന്ന വിഷയത്തിൽ സംസാരിക്കുന്നതിനിടയിലായിരുന്നു മന്ത്രിയുടെ പരാമർശം. 'ലോകത്ത് ഏറ്റവും കൂടുതൽ മുസ്ലിം ജനസംഖ്യയുള്ള



രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. 1947ന് സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം രാജ്യത്തെ മുസ്ലിം ജനസംഖ്യ ഉയർന്നു. ഇന്ത്യയിൽ ജീവിക്കാൻ പ്രയാസമുണ്ടായിരുന്നെങ്കിൽ എങ്ങനെയാണ് മുസ്ലിം ജനസംഖ്യ വർധിക്കുന്നത്. ഇന്ത്യയിൽ നേരിട്ട് വന്ന് മനസിലാക്കാതെ സംസാരിക്കുന്നവരാണ് ഇത്തരത്തിൽ ആരോപണങ്ങൾ ഉയർത്തുന്നത്. സത്യാവസ്ഥ എന്താണെന്ന് മനസിലാക്കാതെ റിപ്പോർട്ടുകൾ പുറത്തുവിടുന്നവരുടെ നിഗമനങ്ങൾ ശ്രദ്ധിക്കരുത്. ഇന്ത്യയിൽ നേരിട്ടെത്തി ബോധ്യപ്പെടണമെന്നാണ് ഇന്ത്യയിൽ നിക്ഷേപം നടത്താൻ താൽപര്യമുള്ളവരോട് പറയാനുള്ളത്', നിർമ്മല സീതാരാമൻ പറഞ്ഞു. അതേസമയം പാക്കിസ്താനെയും മന്ത്രി വിമർശിച്ചു. പാക്കിസ്താനിൽ ന്യൂനപക്ഷങ്ങളുടെ അവസ്ഥ വഷളാവുകയാണെന്ന് മന്ത്രി പറഞ്ഞു. ആളുകളുടെ എണ്ണം ദിനം പ്രതി കുറഞ്ഞുവരികയാണ്. ചെറിയ ആരോപണങ്ങളിൽ പോലും ആളുകളിൽ കടുത്ത ശിക്ഷ ചുമത്തുകയാണ്. വധശിക്ഷ പോലുള്ള ശിക്ഷകളിലേക്ക് നയിക്കുകയും ചെയ്യുന്നു. മതനിന്ദ നിയമങ്ങൾ മിക്കകേസുകളിലും വ്യക്തിപരമായ പ്രതികാരം നിറവേറ്റാൻ ഉപയോഗിക്കുന്നു.

## സംസ്ഥാനത്ത് നാളെയും കനത്ത ചൂട്; കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും നാളെയും കനത്ത ചൂട് അനുഭവപ്പെടുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. താപസൂചിക 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാമെന്നും മുന്നറിയിപ്പുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ വേനൽമഴ ലഭിക്കുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോട്ടയം, എറണാകുളം, പത്തനംതിട്ട, കൊല്ലം, പാലക്കാട്, കോഴിക്കോട്, ഇടുക്കി, തൃശൂർ ജില്ലകളിലെ ചില പ്രദേശങ്ങളിൽ 38 ഡിഗ്രി സെൽഷ്യസ് വരെ ചൂട് അനുഭവപ്പെടും. ബുധനാഴ്ച വയനാട്, കണ്ണൂർ കാസർകോട് ജില്ലകളിലും താപസൂചിക 32ന് മുകളിലേക്ക് ഉയരും. ഇടിമിന്നലിനും മണിക്കൂറിൽ 40 കിലോ മീറ്റർവരെ വേഗതയുള്ള കാറ്റിനും സാധ്യതയുണ്ട്. ഹൈറേഞ്ച് പ്രദേശത്ത് മാത്രമാണ് ചൂടിന്റെ കാഠിന്യം കുറഞ്ഞു നിൽക്കുന്നത്. അൾട്രാ വയലറ്റ് വികിരണവും ഉയർന്ന് നിൽക്കുകയാണ്. തൃശൂർ, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിലാണ് കഴിഞ്ഞ 24 മണിക്കൂറിനിടെ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത്. നിർജലീകരണവും സൂര്യതാപവും ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും 11 മണി മുതൽ വൈകിട്ട് മൂന്ന് മണിവരെയുള്ള വെയിൽ നേരിട്ട് ഏൽക്കരുതെന്നും നിർദേശമുണ്ട്.

## വക്കീൽ നോട്ടീസിന് മറുപടി കിട്ടിയില്ലെങ്കിൽ നിയമ നടപടികളുമായി മുന്നോട്ടുപോകും: കെ.കെ രമ എം.എൽ.എ

തിരുവനന്തപുരം: സ്പീക്കറുടെ ഓഫിസിന് മുന്നിലുണ്ടായ സംഘർഷത്തിൽ പരുക്കേറ്റതിൽ തനിക്കെതിരേ നടത്തിയ വ്യക്തിഹത്യയ്ക്കെതിരേ എം.വി ഗോവിന്ദനും സച്ചിൻ ദേവ് എം.എൽ.എക്കും അയച്ച വക്കീൽ നോട്ടീസിന് രണ്ടു ദിവസത്തിനുള്ളിൽ മറുപടി കിട്ടിയില്ലെങ്കിൽ നിയമ നടപടികളുമായി മുന്നോട്ടു പോകുമെന്ന് കെ.കെ രമ എം.എൽ.എ പറഞ്ഞു. സ്പീക്കർക്കും ഡി.ജി.പിക്കും പരാതി നൽകിയിട്ടും ഒരു നടപടിയും ഉണ്ടായില്ലെന്നും ആസൂത്രിതമായ ആക്രമണമാണ് തനിക്കെതിരേ നടന്ന



തെന്നും ഇങ്ങനെ ഒരു അനുഭവം മറ്റാർക്കും ഉണ്ടാകരുതെന്നും നിയമ നടപടികളുമായി ഏതറ്റം വരെയും പോകുമെന്നും അവർ കൂട്ടിച്ചേർത്തു. ഇവരെ കൂടാതെ സി.പി.എം മുഖപത്രം ദേശാഭിമാനിക്കും രമ നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മറുപടി നൽകുകയും പരസ്യമായി മാപ്പ് പറയുകയും ചെയ്തില്ലെങ്കിൽ ഒരു കോടി രൂപയുടെ മാനനഷ്ട കേസും ക്രിമിനൽ കേസും ഫയൽ ചെയ്യുമെന്ന് രമ വ്യക്തമാക്കി. എന്ത് സ്ത്രീ പക്ഷമാണ് ഇവിടെ. ഒരു എം.എൽ.എയുടെ സ്ഥിതി ഇതാണെങ്കിൽ സാധാരണക്കാരുടെ സ്ഥിതി എന്താണ്?. ഒരു പോസ്റ്റർ ഒട്ടിച്ചാൽ കലാപാഹ്വാനത്തിന് കേസ് എടുക്കും. ഭരണപക്ഷത്ത് ഉള്ളവർക്ക് മാത്രമാണ് നീതി എന്നതാണ് ഇവിടത്തെ സ്ഥിതിയെന്നും അവർ പറഞ്ഞു.

## സൽമാൻഖാന് നേരെ വീണ്ടും വധഭീഷണി; ഇത്തവണ പിഴയ്ക്കില്ലെന്ന് റോക്കിഭായ്

മുംബൈ: ബോളിവുഡ് നടൻ സൽമാൻ ഖാന് നേരെ വീണ്ടും വധഭീഷണി. ജോധ്പൂരിൽ നിന്ന് റോക്കിഭായ് എന്ന് സ്വയം പരിചയപ്പെടുത്തിയാളാണ് മുംബൈ പോലിസ് കൺട്രോൾ റൂമിലേക്ക് നേരിട്ട് വിളിച്ച് ഭീഷണി മുഴക്കിയത്. ഈ മാസം 30ന് താരത്തെ കൊല്ലുമെന്നാണ് ഫോൺ സംഭാഷണത്തിൽ പറയുന്നത്. സംഭവത്തിൽ പോലിസ് അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. അടുത്തകാലത്തായി മൂന്നിലധികം തവണയാണ് നടന് നേരെ വധഭീഷണിയുണ്ടായത്. കഴിഞ്ഞ മാസം താരത്തിനെതിരേ ഭീഷണി സന്ദേശം ലഭിച്ചിരുന്നു. ഭീഷണികൾ കൂടിയതോടെ സുരക്ഷ മുൻനിർത്തി പുതിയ വാഹനം നിസാൻ പട്രോൾ എസ്.യു.വി സൽമാൻ ഇറക്കുമതി ചെയ്തിരുന്നു. ഇന്ത്യൻ വിപണിയിൽ ലഭ്യമല്ലാത്ത ഒരു മോഡലാണ് നടൻ വാങ്ങിയത്. യു.എ.ഇ വിപണിയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കാറുകളിലൊന്നാണ് നിസാൻ എസ്.യു.വി. യു.എ.ഇയിൽ ഇതിന്റെ വില 2,06,000 ദിർഹം മുതലാണ് തുടങ്ങുന്നത്. ഇന്ത്യൻ വിപണിയിൽ ഏകദേശം 45.89 ലക്ഷം രൂപയ്ക്ക് തുല്യമാണിത്. സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ കാരണം ബുള്ളറ്റ് പ്രൂഫ് ടൊയോട്ട ലാൻഡ് ക്രൂയിസറിൽ മാത്രമായിരുന്നു സൽമാൻ യാത്ര ചെയ്തിരുന്നത്.






## രാഹുൽ ഗാന്ധി ട്രോളായി മാറിയിരിക്കുന്നു; ജ്യോതിരാദിത്യ സിന്ധ്യ

ന്യൂഡൽഹി: അദാനി വിവാദവുമായി ബന്ധപ്പെടുത്തി രാഹുൽ ഗാന്ധി ട്രോളായി മാറിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ബി.ജെ.പി സത്യം ഒളിപ്പിക്കുകയാണെന്നും അതിനാലാണ് അവർ എന്നും വഴിതെറ്റിക്കുന്നതെന്നും രാഹുൽ പറഞ്ഞിരുന്നു. ചോദ്യം എന്നും അതുപോലെ തന്നെ തുടരുന്നു. അദാനിയുടെ കമ്പനികളിലെ 20,000 കോടിയുടെ ബിനാമി പണം ആരുടേത് എന്ന രാഹുലിന്റെ ചോദ്യത്തിനാണ് ഒരു കാലത്ത് രാഹുലിന്റെ വിശ്വസ്തനായിരുന്ന സിന്ധ്യ വിമർശനമുയർത്തുന്നത്. ട്രോളാകാൻ മാത്രം പരിമിതപ്പെട്ടുപോയി നിങ്ങളെന്ന് വ്യക്തമാണ്. പ്രധാനകാര്യങ്ങളിൽ നിന്ന്



ജനശ്രദ്ധ തിരിക്കാൻ വേണ്ടി അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുകയാണെന്ന് സിന്ധ്യ ആരോപിച്ചു. പിന്നാക്ക വിഭാഗങ്ങളെ അപമാനിക്കുന്ന പ്രസ്താവനയിൽ രാഹുൽ എന്തുകൊണ്ട് മാപ്പു പറയുന്നില്ല. അതിനുപകരം ഞാൻ സവർക്കറല്ലെന്നും അതിനാൽ മാപ്പ് പറയില്ലെന്നും പറയുന്നു. കോൺഗ്രസ് എപ്പോഴും കോടതികൾക്കു നേരെ വിരൽ ചൂണ്ടുന്നുവെന്നും സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി എന്തിനാണ് കോടതികളെ സമ്മർദത്തിലാക്കുന്നതെന്നും സിന്ധ്യ ചോദിച്ചു. കോൺഗ്രസിൽ നിന്ന് ബി.ജെ.പിയിലേയ്ക്ക് പോയതും പാർട്ടി വിട്ടതുമായ നേതാക്കളായ ഗുലാം നബി ആസാദ്, അനിൽ ആന്റണി, ഹിമന്ത ബിശ്വ ശർമ, ജ്യോതിരാദിത്യ സിന്ധ്യ, കിരൺ കുമാർ റെഡ്ഡി എന്നിവരെ ലക്ഷ്യം വച്ചുള്ള രാഹുൽ ഗാന്ധിയുടെ ട്വീറ്റിലാണ് സിന്ധ്യ രൂക്ഷമായി മറുപടി പറഞ്ഞത്.

## കർണാടക തെരഞ്ഞെടുപ്പ് ബി.ജെ.പി സ്ഥാനാർഥിപ്പട്ടികയിൽ അന്തിമതീരുമാനം; യു.എസ് പ്രൈമറി തെരഞ്ഞെടുപ്പിന് സമാനമായി ചുരുക്കപ്പട്ടിക

ന്യൂഡൽഹി: മെയ് 10ന് നിയമസഭ തെരഞ്ഞെടുപ്പ് നേരിടാനിരിക്കെ കർണാടക മുഖ്യമന്ത്രി ബസവരാജ് ബൊമ്മെയും മറ്റ് മുതിർന്ന ബി.ജെ. പി നേതാക്കളും പങ്കെടുക്കുന്ന യോഗം ഇന്ന് ഡൽഹിയിൽ നടക്കും. സ്ഥാനാർഥിപ്പട്ടികയിൽ അന്തിമതീരുമാനം എടുക്കാനാണ് യോഗം. ആദ്യഘട്ട സ്ഥാനാർഥികളെ തീരുമാനിക്കാനുള്ള ബി.ജെ.പി പാർലമെന്ററി ബോർഡ് യോഗം എട്ടിന് ഡൽഹിയിൽ ചേർന്നിരുന്നു. ബോർഡ് അംഗമായ ബി.എസ് യെദിയൂരപ്പയും മുഖ്യമന്ത്രി ബസവരാജ് ബൊമ്മെയും യോഗത്തിൽ പങ്കെടുത്തിരുന്നു. ബി.എസ് യെദിയൂരപ്പ ഇന്നലെ ഡൽഹിയിൽ നിന്ന് ബംഗളുരുവിലേക്ക് മടങ്ങിയിരുന്നു. അതേസമയം, അന്തിമപ്പട്ടികയിൽ അമിത് ഷാ തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി ബൊമ്മെ പറഞ്ഞു. സ്ഥാനാർഥി നിർണയത്തിന് കഴിഞ്ഞ തവണത്തേതിൽ നിന്ന് വ്യത്യസ്തമായി പുതിയൊരു രീതിയാണ് ഇത്തവണ ബി. ജെ. പി സ്വീകരിച്ചിരിക്കുന്നത്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിനുള്ള പ്രൈമറികളുടെ



മാതൃകയിൽ രഹസ്യബാലറ്റിലൂടെയാണ് സ്ഥാനാർഥികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. മാർച്ച് 31ന് ഓരോ മണ്ഡലങ്ങളിലും സ്ഥാനാർഥികൾ ആരാകണമെന്നതിൽ നിരീക്ഷകരും പ്രാദേശിക ഭാരവാഹികളും അടക്കമുള്ളവർ പങ്കെടുത്ത വോട്ടെടുപ്പ് നടന്നിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ വോട്ട് കിട്ടിയ മൂന്ന് പേരടങ്ങിയ ചുരുക്കപ്പട്ടിക ഓരോ മണ്ഡലങ്ങളിലും തയ്യാറാക്കി. പിന്നീട് ഏപ്രിൽ 1,2 തീയതികളിൽ ബെംഗളുരുവിൽ നടന്ന ബി.ജെ.പി കോർ കമ്മിറ്റി യോഗത്തിൽ ഈ ചുരുക്കപ്പട്ടികയിൻ മേൽ ചർച്ച നടന്നു. അപ്പോഴും 2019ൽ കൂറ് മാറിയെത്തിയ എം.എൽ.എമാർക്ക് സീറ്റ് നൽകുന്ന കാര്യത്തിൽ തർക്കം തുടർന്നു.ഓപ്പറേഷൻ താമരയ്ക്ക് ചുക്കാൻ പിടിച്ച രമേശ് ജർക്കിഹോളി അടക്കമുള്ളവർ തനിക്കൊപ്പം മറുകണ്ടം ചാടിയെത്തിയവർക്ക് സീറ്റ് നൽകിയേ തീരൂ എന്ന പിടിവാശിയിലാണ്.

# അമേരിക്കൻ ബാങ്കുകളുടെ തകർച്ച; ലോകം മറ്റൊരു സാമ്പത്തിക മാന്ദ്യത്തിലേക്കോ?..

**ടി.ഷാഹുൽ ഹമീദ്**

'നിങ്ങളുടെ അയൽക്കാരന് ജോലി നഷ്ടപ്പെട്ടാൽ അതിനെ സാമ്പത്തിക മാന്ദ്യം എന്ന് വിളിക്കാം, നിങ്ങളുടേത് നഷ്ടപ്പെടുമ്പോഴാണ് അത് സാമ്പത്തിക തകർച്ചയാകുക' മുൻ അമേരിക്കൻ പ്രസിഡന്റ് ഹാരി എസ്.ട്രൂമാൻ വാക്കുകളാണിത്. വെറും 48 മണിക്കൂറിനുള്ളിൽ ലോക സമ്പദ് വ്യവസ്ഥതയുടെ ഹൃദയഭൂമിയായ അമേരിക്കയിൽ രണ്ട് വൻകിട ബാങ്കുകൾ തകർന്നത് ലോകം അമ്പരപ്പോടെയാണ് നോക്കിനിന്നത്. ലോകത്തിലെ ഏറ്റവും വലിയ സാങ്കേതിക വിപ്ലവഭൂമിയായ സിലിക്കൺവാലിയിലെ അമേരിക്കയിലെ ഏറ്റവും വലിയ പതിനാറാമത്തെ ബാങ്ക് സിലിക്കൺ വാലിബാങ്ക് തകർന്നടിഞ്ഞത് ഏറെ ഞെട്ടലാണുളവാക്കിയത്. സ്റ്റാർട്ടപ്പുകളേയും വൈൻ നിർമാണ മേഖലയും പുത്തൻ സാങ്കേതിക മേഖലയേയും നിർലോഭമായി സഹായിച്ചിരുന്ന സിലിക്കൺ വാലിബാങ്കിൽ ധാരാളം ഇന്ത്യൻ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടേയും അക്കൗണ്ട് ഉണ്ടായിരുന്നു.2008ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിൽ നിന്നും പാഠം ഉൾക്കൊണ്ട് ബാങ്കിംഗ് രംഗത്ത് സൂക്ഷ്മ മേൽനോട്ടവും പരിശോധനയും ഉണ്ടായിരുന്നുവെന്ന സാധാരണക്കാരുടെ വിശ്വാസത്തിന്റെ മുകളിലാണ് ബാങ്കുകൾ തകർന്നടിഞ്ഞത്. പുതിയ സാമ്പത്തിക സേവനങ്ങളും ഉൽപ്പന്നങ്ങളിൽ എതിരാളികളിൽ നിന്നുള്ള മത്സരവും വർധിക്കുന്നതിനാൽ സമ്പദ്ഘടനയിൽ ഉണ്ടാകുന്ന മാറ്റം ബാങ്കിംഗ് മാനേജ്മെന്റിന് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.







മാർച്ച് എട്ടിന് 1.7 5 ബില്യൺ യുഎസ് ഡോളർ മൂലധനവും 200 ബില്യൺ യു.എസ് ഡോളർ ആസ്തിയുമുള്ള വലിപ്പത്തിൽ അമേരിക്കയിലെ രണ്ടാം സ്ഥാനത്തുള്ള സിലിക്കൺ വാലി ബാങ്ക് തകർന്നത് സർക്കാരിന്റെ കർശന പരിശോധനയുടെ അഭാവം ഒന്ന്കൊണ്ട് മാത്രമാണ്. പുത്തൻ പണക്കാർ ബോണ്ടുകളിൽ വലിയ രീതിയിൽ നിക്ഷേപിക്കാൻ തുടങ്ങിയതോടെ ബാങ്കിന്റെ പലിശഭാരം ഉയരുകയും അമേരിക്കൻ ഫെഡറൽ റിസർവിന്റെ പലിശ വർധനവ് തീരുമാനം ബാങ്കുകൾക്ക് ഇടുത്തീ പോലെയായി. പണപ്പെരുപ്പം രൂക്ഷമായതോടെ ബോണ്ടുകൾ തിരിച്ചെടുക്കാൻ അനിയന്ത്രിതമായി ഇടപാടുകാർ ബാങ്കിൽ ഒഴുകി എത്തിയതോടെ സിലിക്കൺ വാലി ബാങ്കിന്റെ പതനം പൂർണമായി. 2008ന് വാഷിംഗ്ടൺ മ്യൂച്ചൽ തകർന്നടിഞ്ഞതിനുശേഷം ലോകത്തുണ്ടായ ഏറ്റവും വലിയ ബാങ്കിംഗ് ദുരന്തമാണ് ഇപ്പോൾ അമേരിക്കയിൽ ഉണ്ടായിട്ടുള്ളത്.

ഒരാഴ്ചക്കുള്ളിൽ രണ്ട് അമേരിക്കൻ ബാങ്കുകൾ തകർന്നതും മറ്റു ബാങ്കുകളിലേക്ക് തകർച്ചയുടെ പ്രത്യാഘാതങ്ങൾ പടരുകയും തെയ്തിട്ടുണ്ട്. ഇത് യൂറോപ്പിലേക്കും വ്യാപിക്കുകയാണ്. നിക്ഷേപങ്ങൾക്ക് സ്ഥിരത ഇല്ലാതാവുകയും തകർന്നടിഞ്ഞ ബാങ്കുകളിലെ ഇൻഷൂർ ചെയ്യാത്ത നിക്ഷേപവും സുരക്ഷിതമല്ലാത്ത കടപ്പത്രങ്ങളുടെ നിക്ഷേപവും നഷ്ടമാകും എന്നത് ബാങ്കിങ് മേഖലയെ ആകെ ഉലച്ചിരിക്കുകയാണ്. സിലിക്കൺ വാലി ബാങ്കിൽ 151.5 ബില്യൺ യു.എസ് ഡോളർ ഇൻഷൂർ ചെയ്യാത്ത നിക്ഷേപം ഉണ്ടായിരുന്നു. അതിൽ 137.6 ബില്യൺ യു.എസ് ഡോളറും അമേരിക്കക്കാരുടേതാണ്. അമേരിക്കൻ പ്രസിഡന്റ് നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പുനൽകിയെങ്കിലും നിക്ഷേപകർക്ക് പണം ലഭിക്കാൻ കാലതാമസം ഉണ്ടാകും എന്നാണ് കരുതുന്നത്. കൂടാതെ അമേരിക്കയിൽ ബാങ്കുകളുടെ മേൽനോട്ട ചുമതലയുള്ള ഫെഡറൽ റിസർവിന്റെ ഉദ്യോഗസ്ഥരുടെ ഏറ്റവും പുതിയ വെളിപ്പെടുത്തൽ പ്രകാരം ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ മേൽനോട്ടമെന്നും അവർ നടത്താറില്ല എന്നത് വലിയ രീതിയിൽ ജനങ്ങളെ ആശങ്കാകുലരാക്കി.

ബാങ്കുകൾ നാടിന്റെ ഖജനാവായതിനാൽ പ്രാഥമിക പരിഗണന സാമ്പത്തിക സുരക്ഷയും പണം യഥാസമയം നിക്ഷേപകർക്ക് തിരിച്ചു കിട്ടുമെന്ന ഉറപ്പുമാണ്. ഇത് ഉറപ്പുവരുത്തുന്ന തരത്തിലുള്ള മുകൾതട്ട് പരിശോധന ഫലപ്രദമായിലെങ്കിൽ നഷ്ടപ്പെട്ടു പോകുന്നത് ബാങ്കിംഗ് വ്യവസായത്തിന്റെ വിശ്വാസത തന്നെയാണ്. കമ്പോള വ്യവസ്ഥയുടെ നിബന്ധനയായ അർഹതയുള്ളവർക്ക് നിലനിൽക്കാമെന്ന (സർവൈവൽ ഓഫ് ദി ഫിറ്റസ്റ്റ് )എന്ന കാര്യത്തിന് കോട്ടം തട്ടുകയും ,ബാങ്കിൽ പണം നിക്ഷേപിക്കുമ്പോൾ ഡി.ഐ.സി.ജി.സി (ഡിപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപറേഷൻ ) പട്ടികയിലുള്ള ബാങ്കാണോയെന്ന് ഇടപാടുകാർ ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ വില ലഭിക്കാത്തതും ചെറുകിട ബാങ്കുകൾ വലിയ രീതിയിൽ പലിശ വർധിപ്പിച്ചതും , ഭക്ഷണം, ഊർജ്ജം എന്നീ മേഖലയിൽ കടുത്ത പ്രയാസം റഷ്യ -ഉക്രൈൻ യുദ്ധത്തിനുശേഷം നേരിട്ടതിനാലും സാമ്പത്തിക പ്രയാസത്തിന്റെ മുൾമുനയിൽ ലോകം നിൽക്കുമ്പോഴാണ് 40 വർഷമായി ഒട്ടേറെ കണ്ടുപിടുത്തങ്ങൾക്കും സ്റ്റാർട്ടപ്പ് മേഖലയിലെ താരോദയങ്ങൾക്കും വഴിയൊരുക്കിയ ,കൊവിഡ് കാലത്ത് ഐ.ടി മേഖലക്ക് കരുത്തേകിയ 1983 ൽ സ്ഥാപിച്ച സിലിക്കൺ വാലി ബാങ്കിന്റെ തകർച്ച റിപ്പോർട്ട് ചെയ്തത്. ലോകത്ത് പ്രതിസന്ധിയുടെ ലക്ഷണം ആദ്യം ബാങ്കിംഗ് മേഖലയിൽ നിന്നാണ് തുടങ്ങുക. മുതലാളിത്ത വ്യവസ്ഥിതിയിൽ സഹജമായ ഒരു പ്രവണതയാണ് പ്രതിസന്ധി. വിപണി കൂടുതൽ സ്വതന്ത്രമാവുകയും കമ്പോള വ്യവസ്ഥിതി അസ്ഥിരതയും അനിശ്ചിതത്വവും പ്രകടിപ്പിക്കുമ്പോൾ സർക്കാരിന്റെ ഇടപെടൽ അത്യാവശ്യമാണ്. നിക്ഷേപത്തിന് ഏറ്റവും കൂടുതൽ പ്രതിഫലം നൽകുന്ന മേഖലകളിൽ ഒന്നാണ് ബാങ്കുകൾ.

പൊതുമേഖലാ ബാങ്കുകൾക്കാണ് മുമ്പ് ആധിപത്യമെങ്കിൽ ഇപ്പോൾ സ്വകാര്യ മേഖല ബാങ്കിംഗ് വ്യവസായം കീഴടക്കിയിരിക്കുന്നു. നിക്ഷേപം നേടാനും വായ്പ നൽകാനുമുള്ള ലൈസൻസ് ലഭിച്ച ധനകാര്യ സ്ഥാപനങ്ങളായ ബാങ്ക്, നിക്ഷേപിച്ചവരുടെ താൽപര്യം പൂർണമായും സംരക്ഷിച്ച് പണം പിൻവലിച്ചാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ട് പ്രവർത്തിച്ചില്ലെങ്കിൽ അമേരിക്കയിൽ സംഭവിച്ചത് പോലെ കൂട്ട നിലംപൊത്തലും അരാജകത്വവും ബാങ്കിംഗ് മേഖലയിൽ ഉണ്ടാകും. ലോകത്ത് 1970 -2018 കാലഘട്ടത്തിൽ 147 ബാങ്കിംഗ് തകർച്ച ഉണ്ടായി. അതിൽ 13 എണ്ണം വലിയ രീതിയിൽ ആഘാതം ഏൽപ്പിച്ചു. കൂടാതെ 218 കറൻസി പ്രശ്നങ്ങളും , 66 രാജ്യങ്ങളിൽ കടബാധ്യത ഏറിയതുമായ സാമ്പത്തിക പ്രശ്നങ്ങളും ഉടലെടുത്തു. ധനകാര്യ മേഖലയിലെ പ്രവർത്തനങ്ങളിൽ 71% ചാഞ്ചാട്ടം ആയതിനാൽ നിതാന്ത ജാഗ്രത കാണിക്കണമെന്ന് ധനകാര്യ വിദഗ്ധർ അഭിപ്രായപ്പെടുന്നു.

സിലിക്കൺ വാലി ബാങ്കിന്റെ തകർച്ചയുടെ വാർത്തയുടെ മഷി ഉണങ്ങുന്നതിനു മുമ്പ് ന്യൂയോർക്ക് ആസ്ഥാനമാക്കിയുള്ള 110 ബില്യൺ യു.എസ് ഡോളർ ആസ്തിയുള്ള അമേരിക്കയിലെ മൂന്നാമത്തെ വലിയ ബാങ്കായ ക്രിപ്റ്റോ കറൻസി മേഖലയെ കൈമെയ് മറന്ന് സഹായിക്കുന്ന ബാങ്കായ സിഗ്നേച്ചർ ബാങ്കും തകർന്ന വാർത്ത അമ്പരപ്പോടെയാണ് ലോകം ശ്രവിച്ചത്. നിക്ഷേപത്തിലെ വലിയ പങ്കും 1.35 ലക്ഷം കോടി യു.എസ് ഡോളർ ക്രിപ്റ്റോ കറൻസി മേഖലയിൽ നിന്നാണ്. ക്രിപ്റ്റോ ഡിജിറ്റൽ അസ്ഥി മേഖലയാകെ ഉലക്കുന്ന സംഭവമായി ബാങ്കിന്റെ തകർച്ച മാറി. ക്രിപ്റ്റോ കറൻസി മേഖലയിലെ ആദ്യത്തെ ബാങ്ക് ആയ സിഗ്നേച്ചർ ബാങ്കിൽ സിലിക്കൺ വാലി ബാങ്കിന്റെ തകർച്ചയെ തുടർന്ന് മാർച്ച് 10ന് ഒറ്റ ദിവസം 10 ബില്യൺ യു.എസ് ഡോളറാണ് ഇടപാടുകാർ പിൻവലിച്ചത് . കൊവിഡിന് ശേഷം ക്രിപ്റ്റോ കറൻസി മേഖലയിൽ ഉണ്ടായ വലിയ മുന്നേറ്റം ബാങ്കിന് നിക്ഷേപമായി മാറുകയും 2022ൽ സിഗ്നേച്ചർ ബാങ്കിൽ വന്ന നിക്ഷേപത്തിന്റെ 90%വും ക്രിപ്റ്റോ കറൻസി മേഖലയിൽ നിന്നായിരുന്നു. അത്യധികം നിക്ഷേപം സ്വരൂപിക്കുകയും വായ്പ വിതരണം മന്ദഗതിയിലാകുകയും ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളെ ശ്രദ്ധിക്കാത്തതിലാണ് സിഗ്നേച്ചർബാങ്ക് തകർന്നത്. യു.എസ് ട്രഷറി ബോണ്ടുകളിലും സെക്യൂരിറ്റുകളിലുമായി വിവിധ ബാങ്കുകളുടെ 50 ലക്ഷം കോടി യു.എസ് ഡോളർ പ്രതിസന്ധി നേരിടുന്നുവെന്ന വാർത്ത കൂടി വന്നപ്പോൾ ബാങ്കിംഗ് മേഖലയെ ഗ്രസിച്ച മാന്ദ്യം പെട്ടെന്ന് അസ്തമിക്കും എന്ന് തോന്നുന്നില്ല. പലിശ വർധനയിൽ കടപ്പത്രങ്ങളുടേയും സെക്യൂരിറ്റികളുടേയും മൂല്യം കുറഞ്ഞു വരുന്നതിനാൽ അടിയന്തിര സാഹചര്യത്തിൽ ഇവ വിറ്റഴിക്കേണ്ടി വന്നാൽ ബാങ്കുകളിൽ ഒന്നാകെ ഉണ്ടാകാനിടയുള്ള നഷ്ടം ഭീമമാണ്.

2022 ന്റെ മധ്യത്തിനു ശേഷം സെൻട്രൽ ബാങ്കുകൾ ഇടത്തരം പലിശ നിരക്കുകൾ ഉയർത്തിയത് കാരണം ലോക ബാങ്കിംഗ് സമ്മർദങ്ങളുടെ പ്രഭവകേന്ദ്രമായ അമേരിക്കൻ-യൂറോപ്യൻ വിപണികളിലെ ബാങ്കുകളിൽ ഉണ്ടായ തകർച്ച ആഗോളതലത്തിൽ ബാങ്കിംഗ് ഓഹരികളെ തളർത്തിയിരിക്കുന്നു. ഇതോടൊപ്പം സ്വിസ് ബാങ്കായ ക്രെഡിറ്റ് സ്യൂയിസ് പ്രതിസന്ധിയിലാണെന്ന വാർത്തയും പുറത്തുവന്നു. ബാങ്കുകളുടെ ലിക്വിഡിറ്റി (ദ്രവ്യത) പ്രശ്നം രൂക്ഷമായി തകർന്ന യു.എസ് ബാങ്കുകളെക്കാൾ ആഗോളതലത്തിൽ സ്വിസ് ബാങ്കിനെ ശ്രദ്ധിക്കാൻ കാരണം കൂടുതൽ രാജ്യങ്ങളിൽ ശാഖകളുള്ള ബാങ്ക് ആയതിനാലാണ്. 2008ൽ ലേ മാൻ ബ്രദേഴ്സിന്റെ തകർച്ച മുൻകൂട്ടി പ്രവചിച്ച റോബർട്ട് കിയോസാക്കി അടുത്തതായി ക്രെഡിറ്റ് സ്യൂയിസ് തകരുമെന്ന് പ്രവചിച്ചിട്ടുണ്ട്. നിക്ഷേപകർക്ക് ആവർത്തിച്ച് പണം കൊടുക്കേണ്ടി വരുന്നതിനാലും ബാങ്കുകളുടെ കൈവശം വച്ചിരിക്കുന്ന ആസ്തികളുടെ മൂല്യത്തിൽ ഹ്രസ്വകാലമായ നേരിടുന്ന വ്യതിയാനം പരിഹരിക്കുന്നതിനായി പ്രത്യേക ഫണ്ട് കണ്ടെത്തേണ്ട അവസ്ഥയിലാണ് ബാങ്കുകൾ.



**സുരക്ഷിതമാണോഇന്ത്യയുടെ ബാങ്കിങ് മേഖല ?**

അമേരിക്കയിലെ ഷോട്ട് സെല്ലിംഗ് സ്ഥാപനമായ ഹിൻഡൻ ബർഗ് ബാങ്കുകളിലെ ഫണ്ട് വരുമാന ആർജ്ജിത പദ്ധതികളിൽ കൃത്യമായി നിക്ഷേപിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട് , കുമിളുകൾ പോലെ ബാഹ്യമായ വളർച്ച രേഖപ്പെടുത്തുന്ന സ്വകാര്യ കോർപറേറ്റ് സ്ഥാപനങ്ങളിൽ അനിയന്ത്രിതമായി ബാങ്കുകളുടെ പണം നിക്ഷേപിക്കുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇന്ത്യൻ ബാങ്കിംഗ് മേഖല കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുകയാണെന്നും അതിലേക്ക് സർക്കാരിന്റെ ശ്രദ്ധ ആവശ്യമാണെന്നും നോബൽ സമ്മാന ജേതാവ് അഭിജിത്ത് ബാനർജി അഭിപ്രായപ്പെടുകയുണ്ടായി. ആസ്തി ബാധ്യത സംന്തുലിതാവസ്ഥ നഷ്ടപ്പെട്ടു പോകാതെ ബാങ്കുകൾ ശ്രദ്ധിക്കണം. രാജ്യത്തെ ബാങ്കുകളിൽ ഏറ്റവും അധികം വായ്പയുള്ള 20 വൻകിട കോർപറേറ്റ് ഗ്രൂപ്പുകളുടെ കാര്യത്തിൽ അതീവ ശ്രദ്ധ വേണം , രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്ക് ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ സ്വകാര്യപങ്കാളിത്തം 43% ആയി വർധിച്ചതും , കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ബാങ്കുകൾ എഴുതിത്തള്ളിയ 10.72 ലക്ഷം കോടിയിൽ 90% വും വൻകിട കമ്പനിക്കാരുടേതാണെന്നും ഇത് ബാങ്കിംഗ് മേഖലയെ സർക്കാർ ശ്രദ്ധിക്കേണ്ടതിന്റെ ചൂണ്ടുപലകയാണ്. 2014ൽ 56,000 കോടി ആസ്തി ഉണ്ടായിരുന്ന അദാനി ഗ്രൂപ്പിന് 2022ൽ 16 ലക്ഷം കോടി ആസ്തിയിൽ എത്തിയതും ഇന്ത്യയിലെ ബാങ്കിംഗ് മേഖലയെ കുറിച്ച് പറയുമ്പോൾ കടന്നുവരുന്ന അപ്രിയ സത്യമാണ്. 2022ലെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ബാങ്കുകളെ എങ്ങനെ തകർച്ചയിൽ നിന്നും രക്ഷിച്ച് സാമ്പത്തിക പ്രതിസന്ധിയുടെ ആഴം കുറക്കാനാകും എന്ന കണ്ടെത്തലുകൾക്കാണ്. ബെൻ ബെർനങ്കെ, ഡംങ്കലസ് ഡയമണ്ട് , ഫിലിപ്പ് ഡബ്ലിംഗ് എന്നിവർക്കായിരുന്നു നോബൽ സമ്മാനം ലഭിച്ചത് എന്നത് കാലോചിതമായി. പലിശ നിരക്ക് പണപ്പെരുപ്പം നിയന്ത്രിക്കുവാൻ ഉയർത്തുന്നതോടെ ബാങ്കുകളിൽ നിന്നും ഇടപാടുകൾ അനിയന്ത്രിതമായി പണം പിൻവലിക്കുന്ന പ്രവണത മുളയിലെ നുള്ളിയില്ലെങ്കിൽ അമേരിക്കയിൽ സംഭവിച്ചതും യൂറോപ്പിൽ നടക്കാൻ സാധ്യതയുള്ളതുമായാ ബാങ്കിങ് തകർച്ച മറ്റു രാജ്യങ്ങളുടെ മുകളിലും ഡെമോക്ലോസിന്റെ വാൾ പോലെ തൂങ്ങി നിൽക്കുന്നതാണ്.




## 'ഞാൻ ഫിദ'; എ. ഐ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആദ്യ വാർത്താവതാരകയെ പരിചയപ്പെടുത്തി കുവൈത്ത് ന്യൂസ്

കുവൈത്ത് സിറ്റി: നീല ക്കണ്ണും തവിട്ട് നിറത്തിലുള്ള മുടിയും വെള്ള ടീഷർട്ടും കറുത്ത കോട്ടും ധരിച്ച വാർത്താവതാരക ലോകശ്രദ്ധ നേടുകയാണ്. മനുഷ്യന് ചെയ്യാൻ കഴിയുന്നതെല്ലാം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് ചെയ്തുതീർക്കാനുള്ള സാധ്യതകൾ ആരാഞ്ഞ ടെക്കികളുടെ കണ്ടുപിടുത്തമാണ് ഫിദ എന്ന വാർത്താവതാരക. ഗൾഫ് മേഖലയിലെ ആദ്യ ഇംഗ്ലീഷ് ദിനപ്പത്രമായ കുവൈത്ത് ടൈംസിന്റെ ഭാഗമായ കുവൈത്ത് ന്യൂസ് വെബ്സൈറ്റാണ് നിർമിത ബുദ്ധിയിൽ വികസിപ്പിച്ചെടുത്ത ആദ്യ വാർത്താവതാരകയെ പരിചയപ്പെടുത്തുന്നത്. ലോകത്ത് ആദ്യമായി ന്യൂസ്റൂമിൽ ഇങ്ങനെയൊരു പരീക്ഷണം നടന്നതായി കുവൈത്ത് ന്യൂസ് തങ്ങളുടെ ടിറ്റർ അക്കൗണ്ടിലൂടെയാണ് അറിയിച്ചത്. 13 സെക്കന്റ് ദൈർഘ്യമുള്ള വീഡിയോയിൽ ഫിദയുടെ അറബിയിലുള്ള സംസാരം നമുക്ക് കേൾക്കാം.

'ഞാൻ ഫിദ. കുവൈത്ത് ന്യൂസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുവൈത്തിലെ ആദ്യത്തെ അവതാരകയാണ്. ഏത് തരത്തിലുള്ള വാർത്തകളാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്,നിങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാം'.

ഫിദയുടെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലാണ്. പുതിയതും നൂതനവുമായ ഉള്ളടക്കം കണ്ടെത്തുന്നതിനുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കഴിവിന്റെ പരീക്ഷണമാണ് ഈ നീക്കമെന്ന് ഡെപ്യൂട്ടി എഡിറ്റർ ഇൻ ചീഫ് അബ്ദുല്ല ബുഫ്തൈൻ പറഞ്ഞു. ഭാവിയിൽ ഫിദയ്ക്ക് കുവൈത്തി ഉച്ചാരണം സ്വീകരിക്കാനും വാർത്താ ബുള്ളറ്റിനുകൾ അവതരിപ്പിക്കാനും കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

## നിമിഷ പ്രിയയുടെ മോചനം; ബ്ലഡ് മണി ഉടൻ നൽകിയില്ലെങ്കിൽ തിരിച്ചടി

യെമൻ: യെമൻ പൗരൻ തലാൽ അബ്ദു മെഹ്ദിയെ കൊലപ്പെടുത്തി വാട്ടർ ടാങ്കിൽ തള്ളിയ കേസിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട മലയാളി യുവതി നിമിഷ പ്രിയയുടെ മോചനത്തിനായി ഉടൻ ബ്ലഡ് മണി നൽകിയില്ലെങ്കിൽ തിരിച്ചടിയാകും. ശിക്ഷ പെട്ടെന്ന് നടപ്പാക്കണമെന്നാവശ്യപ്പെട്ട് കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾ നൽകിയ അപേക്ഷയിൽ യെമൻ സുപ്രീംകോടതിയിൽ നടപടി വേഗത്തിലായിട്ടുണ്ട്. ബിസിനസ് പങ്കാളിയായിരുന്ന യെമൻ പൗരൻ തലാൽ അബ്ദു മെഹ്ദിയെ കൊലപ്പെടുത്തി വാട്ടർ ടാങ്കർ തള്ളിയെന്ന കേസിൽ നിമിഷ പ്രിയയെ കഴിഞ്ഞ വർഷമാണ് വധശിക്ഷയ്ക്ക് വിധിച്ചത്. ശിക്ഷ അപ്പീൽകോടതിയും ശരിവെച്ചു. വധശിക്ഷ ഉടൻ നടപ്പാക്കണമെന്നാവശ്യപ്പെട്ട് കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾ സുപ്രീംകോടതിയിൽ നൽകിയ അപേക്ഷയിലും ഉടൻ തീർപ്പുണ്ടാകും.



കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾക്ക് സഹായധനം നൽകി വധശിക്ഷയിൽ നിന്ന് ഇളവ് നേടാനുള്ള ശ്രമം മാത്രമാണ് ഇനി മുന്നിലുള്ള പോംവഴി. ഇതിനായി ഡൽഹി കേന്ദ്രീകരിച്ച് പ്രത്യേക ആക്ഷൻ കൗൺസിൽ രൂപീകരിച്ച് ശ്രമം നടക്കുന്നുണ്ട്. കേന്ദ്ര സർക്കാർ ഇടപെടൽ വേഗത്തിലായില്ലെങ്കിൽ യെമൻ കോടതി വധശിക്ഷ ഉടൻ നടപ്പാക്കുമെന്നാണ് ആശങ്ക. നിമിഷപ്രിയയുടെ മോചനത്തിനായി ആക്ഷൻ കൗൺസിൽ രാജ്യാന്തരതലത്തിൽ ശ്രമങ്ങൾ തുടങ്ങിയിരുന്നു. കേന്ദ്ര സർക്കാരും നിമിഷയുടെ മോചനത്തിനായി ഇടപെട്ടിരുന്നു. എന്നാൽ നഷ്ടപരിഹാരം സ്വീകരിക്കാൻ കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾ തയാറാകാതെ വന്നതോടെയാണ് അനുരഞ്ജന ശ്രമങ്ങൾ നിർജീവമായത്. നിമിഷ പ്രിയയുടെ മോചനത്തിനായി വ്യവസായി എം.എ യൂസഫലിയടക്കം ഇടപെട്ടിരുന്നു. തന്റെ മകളുടെ മോചനത്തിനായി എല്ലാ വാതിലുകളും മുട്ടി കാത്തിരിക്കുകയാണെന്ന് നിമിഷയുടെ അമ്മ പറഞ്ഞു. ഏറെ നാളുകൾക്ക് ശേഷം ഈസ്റ്റർ ദിനത്തിൽ യെമനിലെ ജയിലിൽ നിന്നും മകൾ തന്നെ വിളിച്ചെന്ന് പ്രേമ കുമാരി പറയുന്നു.

## രാഹുൽ വിദേശത്ത് കാണുന്നത് കളങ്കിത വ്യവസായികളെ; ഗുലാംനബി ആസാദിന്റെ ആരോപണം ആയുധമാക്കി ബി.ജെ.പി

ന്യൂഡൽഹി: രാഹുൽ ഗാന്ധി വിദേശത്ത് പോകുമ്പോൾ കാണുന്ന കളങ്കിത വ്യവസായികളെ തനിക്കറിയാമെന്ന ഗുലാംനബി ആസാദിന്റെ ആരോപണം ആയുധമാക്കി ബി.ജെ.പി. രാഹുലിന് ആരോടെല്ലാം ബന്ധമുണ്ടെന്ന് തനിക്കറിയാം. വിദേശത്ത് വച്ച് രാഹുൽ ആരെയെല്ലാമാണ് കാണുന്നതെന്ന് തനിക്കറിയാം. രാഹുൽ വിദേശത്ത് വച്ച് കളങ്കിത വ്യവസായികളെ കാണുന്നതൊക്കെ അറിയാഞ്ഞിട്ടല്ല. ഗാന്ധി കുടുംബത്തോടുള്ള ബഹുമാനം കാരണമാണ് കൂടുതലൊന്നും പറയാത്തതെന്നുമാണ് ഗുലാംനബി ആസാദ് ഇന്നലെ വാർത്താമാധ്യമങ്ങളോട് പറഞ്ഞത്. ഇതാരൊക്കെയാണെന്ന് രാഹുൽ ഗാന്ധി വിശദീകരിക്കണമെന്ന് ബി.ജെ.പി നേതാവ് രവിശങ്കർ പ്രസാദ് ആവശ്യപ്പെട്ടു. വിദേശത്ത് ഇന്ത്യയെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങളാണ് രാഹുൽ ഗാന്ധി നടത്തുന്നത്. ഇത് ആരുടെ പ്രേരണ കൊണ്ടാണെന്ന് രാഹുൽ വ്യക്തമാക്കണമെന്നും രവിശങ്കർ പ്രസാദ് ആവശ്യപ്പെട്ടു.







ആർ.സി.ബിക്കെതിരേ അർധ സെഞ്ചുറി പൂർത്തിയാക്കിയ ലഖ്നൗവിന്റെ നിക്കോളസ് പൂരനും മാർക്കസ് സ്റ്റോയിനിസും

# 'ലക്കി ലഖ്നൗ'

## ആർ.സി.ബിക്കെതിരേ അവസാന പന്തിൽ ഒരു വിക്കറ്റ് വിജയവുമായി ലഖ്നൗ സൂപ്പർ ജയന്റ്സ്

ബംഗളൂരു: അവസാന പന്തുവരെ ആവേശം നിറഞ്ഞ പോരട്ടത്തിൽ ആർ.സി.ബിക്കെതിരേ ലഖ്നൗ സൂപ്പർ ജയന്റ്സിന് ഒരു വിക്കറ്റിന്റെ ആവേശ വിജയം. ഓരോ നിമിഷവും ത്രസിപ്പിച്ച മത്സരത്തിൽ ഭാഗ്യം ലഖ്നൗവിനൊപ്പമായിരുന്നു. ചിന്നസ്വാമി സ്റ്റേഡിയത്തിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ആർ.സി.ബി സ്വന്തം കാണികളെ നിരാശരാക്കിയില്ല. വിരാട് കോലിയും ക്യാപ്റ്റൻ ഫാഫ് ഡുപ്ലെസിയും മികച്ച തുട

ക്കമാണ് ആർ.സി.ബിക്ക് നൽകിയത്. കോലി വീണ്ടും ആക്രമണകാരിയായപ്പോൾ ആർ.സി.ബി സ്കോർ പെട്ടെന്നു തന്നെ ഉയർന്നു. 12ാം ഓവറിൽ അമിത് മിശ്രയുടെ പന്തിൽ സ്റ്റോയിനിസിന് ക്യാച്ച് നൽകി 61(44) റൺസുമായി കോലി മടങ്ങുമ്പോൾ ടീം അക്കൗണ്ടിൽ 96 റൺസുണ്ടായിരുന്നു. തുടർന്നുവന്ന ഗ്ലെൻ മാക്സ്വെല്ലിനൊത്ത് ഡുപ്ലെസി മികച്ച കൂട്ടുക്കെട്ടാണ് ഉണ്ടാക്കിയത്. ഇരുവരും ആക്രമണത്തിന്റെ മൂർച്ഛ കൂട്ടിയപ്പോൾ ലഖ്നൗ ബൗളർ മാർക്ക് നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. 20ാം ഓവറിലെ അഞ്ചാം പന്തിൽ മാക്സ്വെൽ 59(29) റൺസുമായി മടങ്ങുമ്പോൾ ആർ.സി.ബി സ്കോർ 200 കടന്നിരുന്നു. രണ്ടിന് 212 എന്ന മികച്ച സ്കോറാണ് ആർ.സി.ബി ലഖ്നൗവിന് മുന്നോട്ടു വച്ചത്.


ക്യാപ്റ്റൻ ഡുപ്ലെസി പുറത്താകാതെ 79(46) റൺസ് നേടി. അഞ്ച് വീതം ഫോറും സിക്സും ഉൾപ്പെടുന്നതായിരുന്നു ഇന്നിങ്സ്. മറുപടി ബാറ്റിങ്ങിൽ തകർച്ചയോടുകൂടിയാണ് ലഖ്നൗ തുടങ്ങിയത്. സ്കോർ 23ൽ നിൽക്കെ അവരുടെ മൂന്ന് ബാറ്റ്സ്മാൻമാർ കൂടാരം കയറി. ഒരു ഘട്ടത്തിൽ വമ്പൻ തോൽവി വഴങ്ങുമെന്ന് തോന്നിച്ച ലഖ്നൗവിന്റെ തലവര മാറ്റിയെഴുതിയത് മാർക്കസ് സ്റ്റോയിനിസും നിക്കോളസ് പൂരനുമായിരുന്നു. ബാംഗ്ലൂർ ബൗളർമാരെ ഒട്ടും ഗൗനിക്കാതെ നേരിട്ട ഇരുവരും ടീമിന് മികച്ച അടിത്തറ നൽകി. മാർകസ് സ്റ്റോയിനിസ് 30 പന്തിൽ 65 റൺസും നിക്കോളാസ് പൂരൻ 19 പന്തിൽ 62 റൺസും നേടി. ഇംപാക്ട് പ്ലെയറായി എത്തിയ ആയുഷ് ബദോനി 24 പന്തിൽ 30 റൺസ് നേടി പുറത്തെടുത്ത പോരാട്ടവീര്യം ലഖ്നൗവിന് തുണയായി. അവസാന ഓവറിൽ മൂന്ന് വിക്കറ്റ് ശേഷിക്കെ അഞ്ച് റൺസായിരുന്നു ലഖ്നൗവിന് വേണ്ടിയിരുന്നത്.



വിജയ റൺ നേടിയ ആവേശ്ഖാനെയും രവി ബിഷ്ണോയിയേയും അഭിനന്ദിക്കുന്ന സഹതാരങ്ങൾ

ഹർഷൽ പട്ടേൽ എറിഞ്ഞ ആ ഓവറിലെ ആദ്യ പന്തിൽ ഉനദ്കട്ട് സിംഗിൾ നേടി. തൊട്ടടുത്ത സ്ലോ ലോ ഫുൾട്ടോസ് ബോളിൽ മാർക്ക് വുഡ് ബൗൾഡായി. മൂന്നാം പന്തിൽ രവി ബിഷ്ണോയി ഡബിൾ നേടിയതോടെ സമനിലയ്ക്കും ഒന്നും വിജയത്തിന് രണ്ടും റൺസ് മതിയെന്നായി. നാലാം പന്തിൽ ബിഷ്ണോയി സിംഗിൾ നേടിയതോടെ ഇരു ടീമുകളുടേയും സ്കോർ തുല്യമായി. അഞ്ചാം പന്തിൽ ലോംഗ് ഓണിൽ ഡുപ്ലസിയുടെ പറക്കും ക്യാച്ചിൽ ഉനദ്കട്ട് പുറത്തായതോടെ ഒരു പന്തിൽ ഒരു വിക്കറ്റ് ശേഷിക്കേ ലഖ്നൗവിന് ജയിക്കാൻ ഒരു റൺസ്.

അവസാന പന്ത് എറിയാനെത്തുമ്പോൾ ക്രീസ് വിട്ടിറങ്ങിയ ബിഷ്ണോയിയെ ഹർഷൽ പട്ടേൽ മങ്കാദിങ്ങിലൂടെ റണ്ണൗട്ടാക്കാൻ ശ്രമിച്ചെങ്കിലും അംപയർ വിക്കറ്റ് അനുവദിച്ചില്ല. ഇതോടെ അവസാന പന്ത് വീണ്ടും എറിയണമെന്നായി. ഈ പന്ത് ബാറ്റിൽ കൊള്ളിക്കാൻ ആവേശ് ഖാനായില്ലെങ്കിലും വിക്കറ്റ് കീപ്പർ ദിനേശ് കാർത്തിക്കിന് പന്ത് കൈയ്യിലൊതുക്കാനായില്ല. ബൈ റണ്ണിനായി ആവേശും ബിഷ്ണോയിയും ഓടി. റണ്ണൗട്ടിനായുള്ള വിക്കറ്റ് കീപ്പർ ദിനേശ് കാർത്തിക്കിന്റെ ത്രോ സ്റ്റംപിൽ കൊള്ളാതിരുന്നതോടെ ലഖ്നൗവിന് ഒരു വിക്കറ്റിന്റെ ആവേശ വിജയം. ബാംഗ്ലൂരിന് വേണ്ടി മുഹമ്മദ് സിറാജും വെയ്ൻ പാർണലും മൂന്ന് വിക്കറ്റ് വീതം വീഴ്ത്തി. നിക്കോളസ് പൂരനാണ് കളിയിലെ താരം.



നോയിഡയിൽ പബ്ബിലെ ഡി.ജെയിൽ രാമായണസീരിയലിലെ ദൃശ്യങ്ങൾ ഡബ്ബ് ചെയ്ത് പ്രദർശിപ്പിച്ചപ്പോൾ

## ഡി.ജെക്കിടെ രാമായണ സീരിയലിലെ ദൃശ്യം പ്രദർശിപ്പിച്ചു; രണ്ട്പേർ അറസ്റ്റിൽ

നോയിഡ: ഉത്തർപ്രദേശിലെ നോയിഡയിൽ പബ്ബിലെ ഡി.ജെയിൽ രാമായണസീരിയലിലെ ദൃശ്യങ്ങൾ ഡബ്ബ് ചെയ്ത് പ്രദർശിപ്പിച്ചു. പബ്ബിനെതിരേ നോയിഡ പോലിസ് സ്വമേധയാ കേസ് എടുത്തു. രണ്ട് പേരെ അറസ്റ്റ് ചെയ്തു. മതവികാരം വ്രണപ്പെടുത്തിയതിനും വിവിധ വിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്തിയതിനുമാണ് കേസെടുത്തത്. സീരിയലിലെ യഥാർഥ സംഭാഷണം മാറ്റി ഡബ്ബ് ചെയ്ത് ചേർത്ത് പാട്ടിനൊപ്പം ഡി.ജെക്കിടെ പ്രദർശിപ്പിക്കുകയായിരുന്നു. സംഭവം സാമൂഹ്യമാധ്യമങ്ങളിൽ വിമർശിക്കപ്പെട്ടതോടെ നോയിഡ പോലിസ് കേസ് രജിസ്റ്റർ ചെയ്തു. നോയിഡയിലെ സെക്ടർ 38ൽ ഗാർഡൻസ് ഗലേറിയ മാളിൽ പ്രവർത്തിച്ചുവരുന്ന ലോർഡ് ഓഫ് ഡ്രിങ്ക്സ് പബ്ബിന്റെ ഉടമ മനാക് ചൗധരിയും മാനേജർ അഭിഷേകുമാണ് അറസ്റ്റിലായത്. കേസിൽ ഡി.ജെയേയും പ്രതിചേർത്തു.

## 'എതിരാളികൾക്കു നേരെ പെഗാസസിനു പകരം പുതിയ ചാര സോഫ്റ്റ്വെയർ ഉപയോഗിക്കുന്നു'

ന്യൂഡൽഹി: ഇസ്രയേൽ ചാര സോഫ്റ്റ്വെയറായ പെഗാസസിനു പകരം കേന്ദ്രസർക്കാർ പുതിയ ചാര സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുവെന്ന ആരോപണവുമായി കോൺഗ്രസ് വക്താവ് പവൻ ഖേര. തങ്ങളുടെ രാഷ്ട്രീയ എതിരാളികളുടേയും മാധ്യമപ്രവർത്തകരുടേയും ജനാധിപത്യ സ്ഥാപനങ്ങളുടേയും മറ്റും വിവരങ്ങൾ ചോർത്താൻ ഉപയോഗിച്ച എൻ.എസ്.ഒ ഗ്രൂപ്പിന്റെ 'പെഗാസസ്' പോലുള്ള പുതിയ ചാര സോഫ്റ്റ്വെയർ കേന്ദ്രം കൊണ്ടുവരുന്നുവെന്നാണ് കോൺഗ്രസ് പറയുന്നത്. മിക്ക രാജ്യങ്ങളും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന, ഒരു കമ്പനിയിൽ നിന്ന് ചാര സോഫ്റ്റ്വെയർ കൊണ്ടുവരാനാണ് മോദി സർക്കാരിന്റെ ശ്രമം, പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും ദേശീയ സുരക്ഷ ഉപദേഷ്ടാവും പുതിയ ഇടപാടിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു.

ഇസ്രയേൽ കമ്പനിയായ എൻ.എസ്.ഒ നിർമിച്ച് വിതരണം ചെയ്യുന്ന പെഗാസസ് ഐ.ഒ.എസ് അധിഷ്ഠിതമായ മൊബൈൽ ഫോണുകളിൽ നിന്ന് വിവരം ചോർത്താൻ ഉപയോഗപ്പെടുത്താം.

ഫോൺ നിരീക്ഷണം നടത്തി ടെക്സ്റ്റ് സന്ദേശങ്ങൾ വായിക്കുന്നതിനും കോൾ ട്രാക്കിങ്ങിനും പാസ് വേർഡ് ചോർത്തുന്നതിനും ഫോൺ ക്യാമറ, മൈക്രോഫോൺ എന്നിവയുപയോഗിച്ച് വിവരങ്ങൾ ചോർത്തുന്നതിനും പെഗാസസ് ചാര സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാം. പെഗാസസിന് സമാനമായ ഇസ്രായേൽ കമ്പനി 'കോഗ്നൈറ്റ്'ൽനിന്ന് പ്രതിരോധ ഇന്റലിജൻസ് ഏജൻസിയുടെ 'സിഗ്നൽ ഇന്റലിജൻസ് ഡയരക്ടറേറ്റ്' ഉപകരണങ്ങൾ ഇറക്കുമതി ചെയ്തുവെന്ന് നേരത്തേ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

## വെള്ളാപ്പള്ളി നടേശന് തിരിച്ചടി; എസ്.എൻ കോളേജ് ഫണ്ട് തട്ടിപ്പിൽ വിചാരണ നടക്കും



എറണാകുളം: വെള്ളാപ്പള്ളി നടേശൻ പ്രതിയായ എസ്.എൻ കോളേജ് കനക ജൂബിലി ഫണ്ട് തട്ടിപ്പ് കേസിൽ വിചാരണ തുടരാമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. വെള്ളാപ്പള്ളി പ്രതിയായ ആദ്യ കുറ്റപത്രത്തിൽ വിചാരണ തുടരാമെന്നാണ് ജസ്റ്റിസ് സിയാദ് റഹ്മാന്റെ ഉത്തരവ്. കേസ് തുടരേണ്ടതില്ലെന്ന റിപ്പോർട്ട് അംഗീകരിക്കണമെന്ന വെള്ളാപ്പള്ളിയുടെ ആവശ്യം തള്ളി. തുടരന്വേഷണത്തിന് ഉത്തരവിട്ട കൊല്ലം സി.ജെ.എം കോടതി ഉത്തരവ് നിയമപരമല്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. വെള്ളാപ്പള്ളി വീണ്ടും കേസിലെ പ്രതിയായതോടെ എസ്.എൻ ട്രസ്റ്റിലെ സ്ഥാനം തുടരുന്നതിലും നിയമപ്രശ്നമുണ്ട്. പുതിയ നിയമാവലി പ്രകാരം കേസ് അന്വേഷണം നേരിടുന്നവർ സ്ഥാനങ്ങളിൽ നിന്ന് മാറി നിൽക്കണമെന്നാണ് ഹൈക്കോടതി വിധി. 1998 എസ്.എൻ കോളേജ് കനക ജൂബിലി ഫണ്ട് വക മാറ്റിയെന്നാണ് കേസ്. ഒരു കോടി രൂപ പിരിച്ചെടുത്തതിൽ 55 ലക്ഷം രൂപ പൊതുജന പങ്കാളിത്തമുള്ള കമ്മിറ്റി അറിയാതെ എസ്.എൻ ട്രസ്റ്റിലേക്ക് മാറ്റി. കമ്മിറ്റി ചെയർമാനായിരുന്നു വെള്ളാപ്പള്ളി. ഇതിനെതിരേ അന്ന് കൊല്ലം എസ്.എൻ.ഡി.പി വൈസ് പ്രസിഡന്റും ട്രസ്റ്റിന്റെ ബോർഡ് അംഗവുമായിരുന്ന സുരേന്ദ്രബാബു ആണ് കോടതിയെ സമീപിച്ചത്.

## 'ഇത്തവണ കാലവർഷം ശക്തമാകും; കേരളത്തിൽ ശരാശരിക്കും മുകളിൽ മഴ ലഭിക്കും'

തിരുവനന്തപുരം: കേരളത്തിൽ ഇത്തവണ മെച്ചപ്പെട്ട കാലവർഷമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനം. മൺസൂണിൽ സംസ്ഥാനത്ത് ശരാശരിക്കും മുകളിൽ മഴക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. അതേസമയം വടക്കൻ കേരളത്തിൽ മഴ കുറയും. തെക്കൻ കേരളത്തിൽ കൂടുതൽ മഴ കിട്ടിയേക്കുമെന്നും കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പുറത്തിറക്കിയ പ്രാഥമിക മൺസൂൺ പ്രവചനം വ്യക്തമാക്കുന്നു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.